**April : 06**

# KGBEU OU ബുള്ളറ്റിൻ 39/2023

സഖാക്കളെ,

## വിഷയം: Where is our GM?

Scale II & III ട്രാൻസ്ഫർ ഇറങ്ങുകയും റിലീവ് ചെയ്യാനുള്ള നിർദേശം പോകുകയും ചെയ്തിട്ടുണ്ട്. ഇത്തവണത്തെ ട്രാൻസ്ഫറിന്റെ ഏറ്റവും വലിയ പ്രത്യേകത, പോളിസി വയലേഷൻ, ഗ്രീവൻസ് എന്നിവ പലതും ചൂണ്ടിക്കാട്ടിയിട്ടും ഒരുതരത്തിലും അനുകൂല തീരുമാനം ഉണ്ടായില്ല എന്ന് മാത്രമല്ല ഓട്ടോമാറ്റിക് ആയി ജീവനക്കാരെ റിലീവ് ചെയ്യാൻ നിർദേശം കൊടുക്കുയും ചെയ്തു. നിരവധി ജീവനക്കാർക്ക് ഇതിന്റെ ഭാഗമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ഥിതിയാണ്. പോളിസി മാനദണ്ഡങ്ങൾ മറികടന്ന് ഡ്യൂ ആവാതെ ട്രാൻസ്ഫർ ചെയ്യപ്പെട്ടവരുടെ കുടുംബാവസ്ഥയും താളം തെറ്റുന്ന സ്ഥിതിയാണ് നിലവിൽ ഉണ്ടായിരിക്കുന്നത്. ഒരു പിടി പോളിസി വയലേഷനുകൾ ഉണ്ടായിട്ടും ട്രാൻസ്ഫർ ലിസ്റ്റിന്മേൽ വിശദമായ ചർച്ച നടത്തിയിട്ടും ഒരു റിസൾട്ടും ഈ സമയം വരെ ഉണ്ടായിട്ടില്ല. നിഷേധാത്മകമായ അവസ്ഥയിൽ ഇരിക്കെയാണ്, ഇന്ന് മോഡിഫിക്കേഷൻ ഇറക്കും എന്ന് ഉറപ്പ് തന്ന HR ജനറൽ മാനേജർ ഹെഡ് ഓഫീസിലേക്ക് വരാതെ എവിടെയോ മറഞ്ഞ് നിൽക്കുന്നത്. HR GM ലീവ് പറയുകയോ ബ്രാഞ്ച് വിസിറ്റ് നടത്തുകയോ ഉണ്ടായില്ല എന്നാണ് കിട്ടിയ വിവരം. ചുരുക്കി പറഞ്ഞാൽ GM എവിടെ എന്ന് ആർക്കും അറിയാത്ത അവസ്ഥയാണ്. ജീവനക്കാർ ലീവ് എടുക്കുകയാണെങ്കിൽ മുൻകൂട്ടി അറിയിക്കണം എന്ന് ഉത്തരവ് ഇറക്കുന്ന ജനറൽ മാനേജർ സ്വന്തം കാര്യത്തിൽ അത് പാലിക്കുന്നില്ലെങ്കിൽ അത് ഗുരുതരമായ അവസ്ഥ കൂടിയാണ്. ജീവനക്കാരുടെ ട്രാൻസ്ഫറിൽ അലംഭാവവും നിരുത്തരവാദിത്തവും കാണിക്കുന്ന മാനേജ് മെൻറ് നടപടിയിൽ പ്രതിഷേധിച്ച് ഹെഡ് ഓഫീസിൽ സംഘടനാ പ്രതിനിധികൾ പ്രതിഷേധിച്ചു കൊണ്ടിരിക്കുകയാണ്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)